(ബി) മലപ്പുറം ജില്ലയിൽ 2006 കാലഘട്ടത്തിൽ ഭൂവുടമകളിൽ നിന്നും ഡിക്ലറേഷൻ വാങ്ങി ആയതിന്റെ അടിസ്ഥാനത്തിൽ 36 ശതമാനം ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(സി) കേന്ദ്രാവിഷ്കൃതവും ഇടർപദ്ധതിയുമായ എൻ.എൽ.ആർ.എം.പി.-യുടെ ഭാഗമായാണ് ഭൂരേഖ കമ്പ്യൂട്ടർവൽക്കരണം നടന്നുവരുന്നത്. കേന്ദ്രസർക്കാരിന്റെ അംഗീകാരവും ഫണ്ടും ലഭിക്കുന്നതിന് അനുസൃതമായാണ് പ്രവൃത്തികൾ നടന്നു വരുന്നത്.

റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി

167(4798) ശ്രീ. പി. എ. മാധവൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളുടെ ഭൂരേഖകളും (മാപ്പുകളും രജിസ്റ്ററുകളും) കൂടാതെ റീ-സർവ്വേയ്ക്ക് മുമ്പുള്ള ഒറിജിനൽ സർവ്വേ റിക്കാർഡുകളും NLRMP പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കാലപ്പഴക്കം മൂലം നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും ഒറ്റ പ്രതി മാത്രം അവശേഷിക്കുന്നതുമായ വിലയേറിയ സർവ്വേ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുക, സ്കാനിംഗിലൂടെ സംരക്ഷിക്കപ്പെട്ട ഡിജിറ്റൽ മാപ്പുകളെ വെക്ടറൈസേഷൻ എന്ന പ്രക്രിയയിലൂടെ കമ്പ്യൂട്ടറൈസ് ചെയ്യുക, ടി വെക്ടറൈസ്ഡ് മാപ്പുകളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala-Legislative Assembly

ഭൂമിയിലെ യഥാർത്ഥ കോർഡിനേറ്റുമായി (അക്ഷാംശ രേഖാംശ രേഖകൾ) ബന്ധിപ്പിക്കുന്ന ജിയോ റഫറൻസിംഗ് കമ്പ്യൂട്ടറിൽ നടത്തുക, ഇത്തരത്തിൽ ജിയോ റഫറൻസ്ഡ് ആയ മാപ്പുകളിൽ ഭൂമി സംബന്ധമായ വിവിധ വിവരങ്ങൾ ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്.) എന്ന സംവിധാനമുപയോഗിച്ച് ചേർത്ത് ഭൂമി സംബന്ധമായ ഒരു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (എൽ.ഐ.എസ്.) വികസിപ്പിച്ചെടുക്കൽ എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കഡാസ്ട്രൽ റിക്കാർഡുകളുടെ ഒരു ഏകീകൃത വിവരശേഖരം തയ്യാറാക്കി ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ഇന്റർനെറ്റിന്റെ സഹായത്താൽ എവിടെ നിന്നും എപ്പോൾ വേണമെങ്കിലും അവ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റാകൾ ഭൂമിയിലെ യഥാർത്ഥ വിവരങ്ങൾ ഉൾക്കൊള്ളുന്ന കഡാസ്ട്രൽ മാപ്പുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനമേർപ്പെടുത്തി ഭൂമി ഇടപാടുകളിൽ സുതാര്യതയും വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഭൂമി സംബന്ധമായ പരാതികൾ കുറയ്ക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നു.

(ഡി) സർവ്വേ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും ലക്ഷ്യം വച്ച് ഇ-രേഖ എന്ന പദ്ധതി ആരംഭിച്ച് നടപ്പാക്കി വരുന്നു. ടി റിക്കാർഡുകൾ സൂക്ഷിക്കുവാനും എളുപ്പത്തിലുള്ള അവയുടെ വീണ്ടെടുക്കൽ സാദ്ധ്യമാക്കുന്നതിനുമായി ഒരു മോഡേൺ റിക്കാർഡ് റൂം സ്ഥാപിച്ചുവരുന്നു. റീ-സർവ്വേ റിക്കാർഡുകളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ (സി.ഡി.സി.) എന്ന ജി.ഐ.എസ്. അധിഷ്ഠിതമായ ഒരു മോഡേൺ ലബോറട്ടറി തിരുവനന്തപുരത്ത് സ്ഥാപിച്ച് ഡിജിറ്റൈസേഷൻ ജോലികൾ നടന്നുവരുന്നു. കൂടാതെ സി.ഡി.സി.-യുടെ സബ് സെന്ററുകളായി 12 ജില്ലകളിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ ജില്ലാതല ഡിജിറ്റൈസേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. കഡാസ്ട്രൽ റിക്കാർഡുകൾ നഷ്ടമാകാതെ കൃത്യമായി സൂക്ഷിക്കുവാനും ആവശ്യ നേരത്ത് വേഗത്തിൽ എടുക്കുവാനും ഉതകും വിധമുള്ള 12 മോഡേൺ റിക്കാർഡ് റൂമുകളും സ്ഥാപിച്ചു വരുന്നു. ടി സർവ്വേ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനും സ്റ്റോറേജ് സെർവറും അതിലേക്കുള്ള സോഫ്റ്റ്വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.